പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4489 | 21/03/2018 ൽ മറുപടി<br>നല്കേണ്ടത്. |

## <u>പഴങ്ങളിലും പച്ചക്കറികളിലും ഉള്ള വിഷാംശം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | അതിർത്തി കടന്നെത്തുന്ന പഴങ്ങ ളിലും പച്ചക്കറികളിലും ഉള്ള വിഷാംശം ഇപ്പോൾ പരിശോധിക്ക ന്നുണ്ടോ; അനുവദനീയമായതിലും അധികം വിഷാംശം കണ്ടെത്തിയ ഇവഴി ഇവ തിരിച്ചയക്കപ്പെട്ട സംഭവം ഉണ്ടായിട്ടു ണ്ടോയെന്ന റിയിക്കാമോ; | എ) | അതിർത്തി കടന്നെത്തുന്ന പഴങ്ങളുടെയും പച്ചക്കറി കളുടെയും സാമ്പിളുകൾ ശേഖരിച്ച് കേരളാ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി യിലുള്ള Pesticide Residue Research and Analytical Laboratory –ലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബിലും പരിശോധിക്കുന്നുണ്ട്. നിശ്ചിത ഇടവേളകളിലും ഓണം പോലുള്ള ആഘോഷ വേളകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അതിർത്തി ചെക്ക് പോസ്റ്റുകളിലും, പച്ചക്കറി മാർക്കറ്റികളിലും പരിശോധന കൾ നടത്തുന്നുണ്ട്.<br>അതിർത്തി കടന്നെത്തുന്ന പഴങ്ങളും പച്ചക്കറികളും സാമ്പിൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമായാൽ മാത്രമേ വിഷാംശം ഉണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇവ തിരിച്ചയയ്ക്കപ്പെട്ട സംഭവം ഉണ്ടായിട്ടില്ല. |
| ബി) | പരിശോധന പ്രകാരം ഏറ്റവും കൂടുതൽ വിഷാംശം കണ്ടെത്തിയ പഴം / പച്ചക്കറി വർഗ്ഗങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ? | ബി) | പരിശോധന പ്രകാരം അനുവദനീയമായതിലും കൂടുതൽ അളവിൽ വിഷാംശം കണ്ടെത്തിയിരിക്കുന്നത് കറിവേപ്പിലയിലാണ്. കൂടാതെ പയർ, തക്കാളി, മുളക് എന്നിവയിലും അനുവദനീയമായതിലും അധികം കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ